**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങളുടെ എല്ലാ ഭാഗത്തേക്കുമുള്ള ആകർഷണങ്ങൾ ഇല്ലാതാകണം കാരണം വീട്ടിൽ പോകണം, ബ്രാഹ്മണകുലത്തിന്റെ പേര് മോശമാക്കുന്ന യാതൊരു വികർമ്മവും ഉണ്ടാകരുത്.**

**ചോദ്യം:-** ബാബ ഏത് കുട്ടികളെ കണ്ടാണ് സന്തോഷിക്കുന്നത് ?ഏത് കുട്ടികളാണ് ബാബയുടെ കണ്ണിൽ അലിഞ്ഞിരിക്കുന്നത് ?

**ഉത്തരം:-** ഏത് കുട്ടികളാണോ വളരെ പേർക്ക് സുഖദായിയാകുന്നത്, സേവനതൽപ്പരരാകുന്നത്, അവരെ കണ്ട് ബാബയും സന്തോഷിക്കുന്നു. ഏത് കുട്ടികളുടെ ബുദ്ധിയിലാണോ ഇങ്ങനെയുള്ളത് - ഒരേയൊരു ബാബയോട് മാത്രം പറയും, ബാബയോട് മാത്രം സംസാരിക്കും...... ഇങ്ങിനെയുള്ള കുട്ടികൾ ബാബയുടെ കണ്ണിൽ അലിഞ്ഞിരിക്കുന്നു. ബാബ പറയുന്നു എന്റെ സേവനം ചെയ്യുന്ന കുട്ടികൾ എനിക്ക് അതിപ്രിയരാണ് അങ്ങനെയുള്ള കുട്ടികളെ ഞാൻ ഓർമ്മിക്കുന്നു.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾക്കറിയാം നമ്മൾ ഇരിക്കുന്നത് ബാബയുടെ സമീപത്താണ് ആ ബാബ ടീച്ചറുടെ രൂപത്തിൽ പഠിപ്പിക്കുകയും ചെയ്യുന്നു. അതേ ബാബ പതിത പാവനൻ സദ്ഗതിദാതാവുമാണ്. കൂടെ കൊണ്ട് പോകുന്നവനുമാണ്, വളരെ സഹജമായി വഴി പറഞ്ഞ് തരുകയും ചെയ്യുന്നു. പതിതത്തിൽ നിന്ന് പാവനമാകുന്നതിന് യാതൊരു പരിശ്രമവും നൽകുന്നില്ല. കറങ്ങി നടന്ന് വിദേശത്തോ എവിടെ പോകുകയാണെങ്കിലും സ്വയം ആത്മാവാണെന്ന് മനസിലാക്കൂ. അങ്ങനെ തന്നെയാണ് മനസിലാക്കുന്നത്, എന്നാൽ വീണ്ടും ബാബ പറയുന്നു - സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ, ദേഹാഭിമാനം ഉപേക്ഷിച്ച് ആത്മാഭിമാനിയാകൂ. ഞങ്ങൾ ആത്മാക്കളാണ്, പാർട്ടഭിനയിക്കുന്നതിന് വേണ്ടി ശരീരം എടുക്കുന്നു. ഒരു ശരീരം ഉപയോഗിച്ച് പാർട്ടഭിനയിച്ച് കഴിഞ്ഞാൽ വേറൊന്ന് എടുക്കുന്നു. ചിലരുടേത് 100 വർഷം, ചിലർ 80 വർഷം, ചിലർക്ക് രണ്ട് വർഷം, ചിലർക്ക് 6 മാസം. ചിലരുടേത് ജനിക്കുമ്പോൾ തന്നെ അവസാനിക്കുന്നു. ചിലർ ജന്മമെടുക്കുന്നതിന് മുമ്പ് ഗർഭത്തിൽ വെച്ച് തന്നെ അവസാനിക്കുന്നു. ഇപ്പോൾ ഇവിടെയുള്ള പുനർജന്മവും, സത്യയുഗത്തിലെ പുനർജന്മവും രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ഇവിടെ ഗർഭത്തിലൂടെ ജന്മമെടുക്കുന്നതിനാൽ ഇതിനെ ഗർഭ ജയിൽ എന്ന് പറയുന്നു. സത്യയുഗത്തിൽ ഗർഭ ജയിൽ ഉണ്ടാകില്ല അവിടെ വികർമ്മമേ ഉണ്ടാകില്ല, രാവണരാജ്യം തന്നെയില്ല. ബാബ എല്ലാ കാര്യങ്ങളും മനസിലാക്കി തരുന്നു. പരിധിയില്ലാത്ത അച്ഛനിരുന്ന് ഈ ശരീരത്തിലൂടെയാണ് മനസിലാക്കി തരുന്നത്. ഈ ശരീരത്തിന്റെ ആത്മാവും കേൾക്കുന്നു. സ്വന്തം ശരീരമില്ലാത്ത ജ്ഞാനസാഗരനായ ബാബയാണ് കേൾപ്പിക്കുന്നത്. ബാബ എപ്പോഴും ശിവൻ എന്നാണ് അറിയപ്പെടുന്നത്. ബാബ പുനർജന്മ രഹിതൻ എന്നതുപോലെ തന്നെ നാമരൂപ രഹിതനും ആണ് എന്നാണ് മനുഷ്യർ വിചാരിക്കുന്നത്.. ആ ബാബയെ സദാശിവൻ എന്ന് പറയുന്നു. സദാകാലത്തേക്ക് ശിവം (നശിക്കാത്തത്) തന്നെയാണ്, ദേഹത്തിന് പേരൊന്നും ഇല്ല. (ഇദ്ദേഹത്തിൽ പ്രവേശിക്കുമ്പോഴും ഇദ്ദേഹത്തിന്റെ ശരീരത്തിന്റെ പേരിൽ വരുന്നില്ല.) നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസമാണ്, അവർ പരിധിയുള്ള സന്യാസിമാരാണ്. അവരുടേയും പേര് അറിയപ്പെടാറുണ്ട്. നിങ്ങൾക്കും ബാബ എത്ര നല്ല നല്ല പേരാണ് വെച്ചിരിക്കുന്നത്. ഡ്രാമയനുസരിച്ച് ആർക്കാണോ പേര് നൽകിയിട്ടുള്ളത് അത് പാടപ്പെടുന്നു. ബാബ മനസിലാക്കി തരുന്നു എന്റേതായി എങ്കിൽ തീർച്ചയായും സ്ഥിരമായിരിക്കും, ബാബയോ വിട്ട് പോകില്ല, എന്നാൽ വിട്ടു പോവുകയാണെങ്കിൽ നൽകി പിന്നെ പേര് വെക്കുന്നത് കൊണ്ട് എന്ത് പ്രയോജനം. സന്യാസിമാരും വീണ്ടും വീട്ടിലേക്ക് മടങ്ങി വരികയാണെങ്കിൽ പഴയ പേരും പോകുന്നു.വീട്ടിലേക്ക് മടങ്ങി വരികയല്ലേ. സന്യാസിമാരായാൽ അവർക്ക് മിത്ര സംബന്ധികളേയും മറ്റും ഓർമ്മ വരില്ല എന്നില്ല. ചിലർക്ക് എല്ലാ മിത്ര സംബന്ധികളുടേയും ഓർമ്മ വന്ന് കൊണ്ടിരിക്കും. മോഹത്തിൽ കുടുങ്ങി മരിച്ച് പോകും. ഞരമ്പ് ചേർന്നിരിക്കും. ചിലർക്ക് പെട്ടെന്ന് കണക്ഷൻ മുറിഞ്ഞ് പോകും. പൊട്ടിക്കുക തന്നെ വേണം. ബാബ മനസിലാക്കി തന്നിരിക്കുന്നു ഇപ്പോൾ തിരികെ പോകണം. ബാബ സ്വയം ഇരുന്ന് പറഞ്ഞ് തരുന്നു, രാവിലേയും ബാബ പറഞ്ഞ് തന്നില്ലേ. കണ്ട് കണ്ട് മനസ്സിൽ സുഖം നിറയുകയാണ്... എന്തുകൊണ്ട്.... കണ്ണുകളിൽ കുട്ടികൾ അലിഞ്ഞിരിക്കുന്നു. ആത്മാവ് പ്രകാശം തന്നേയാണ്. ബാബയ്ക്കും കുട്ടികളെ കണ്ട് കണ്ട് സന്തോഷം തോന്നുന്നു. ചിലർ വളരെ നല്ല കുട്ടികളായിരിക്കും, സെന്റർ നടത്തുന്നു, മറ്റ് ചില ബ്രാഹ്മണർ വീണ്ടും വികാരത്തിൽ പോകുന്നു, അവർ ആജ്ഞാകാരികളല്ലാതാകുന്നു. അതിനാൽ ഈ ബാബയും സേവനതൽപ്പരരായ കുട്ടികളെ കണ്ട് ഹർഷിതനാകുന്നു. പരിധിയില്ലാത്ത അച്ഛൻ പറയുന്നു ഇവർ കുലകളങ്കിതരായി. ബ്രാഹ്മണ കുലത്തിന്റെ പേര് മോശമാക്കുന്നു.കുട്ടികൾക്ക് മനസിലാക്കി തന്ന്

കൊണ്ടിരിക്കുന്നു, ആരുടേയും നാമരൂപത്തിൽ കുടുങ്ങരുത്, അവരെയും പകുതി കുലകളങ്കിതർ എന്ന് പറയും.അതിൽ നിന്ന് പിന്നീട് മുഴുവനായി തീരുന്നു. ബാബാ ഞങ്ങൾ വീണ് പോയി, ഞങ്ങൾ മുഖം കറുപ്പിച്ചു, എന്ന് എഴുതുന്നു. മായ വഞ്ചിച്ചു. മായയുടെ കൊടുങ്കാറ്റ് വളരെ വരുന്നു. ബാബ പറയുന്നു കാമ കഠാരീ ചലിപ്പിച്ചു എങ്കിൽ അതും പരസ്പരം ദു:ഖം നൽകലാണ് അതിനാൽ പ്രതിജ്ഞ ചെയ്യിക്കുന്നു, രക്തം കൊണ്ട് വലിയ കത്ത് എഴുതുന്നു. ഇന്ന് അവർ പോലും ഇല്ല . ബാബ പറയുന്നു ഹാ മായാ !നീ വളരെ സമർത്ഥയാണല്ലോ. രക്തം കൊണ്ട് എഴുതിയ കുട്ടികളേ പോലും നീ വിഴുങ്ങിയല്ലോ. ഏത് പോലെ ബാബ സമർത്ഥനാണോ അത് പോലെ മായയും സമർത്ഥയാണ്. അര കൽപ്പം ബാബയുടെ സമ്പത്ത് ലഭിക്കുന്നു, പിന്നീട് അരകൽപ്പം മായ ആ സമർത്ഥത നഷ്ടപ്പെടുത്തുന്നു. ഇത് ഭാരതത്തിന്റെ കാര്യമാണ്. ദേവീ ദേവതാ ധർമ്മത്തിൽ പെട്ടവർ തന്നേയാണ് പവിത്രതയിൽ നിന്ന് അപവിത്രരാകുന്നത്. ഇപ്പോൾ നിങ്ങൾ ലക്ഷ്മീ നാരായണന്റെ മന്ദിരത്തിൽ പോകും. നിങ്ങൾ അത്ഭുതപ്പെടും. ഞങ്ങൾ ഈ കുടുംബത്തിലേതായിരുന്നു, ഇപ്പോൾ ഞങ്ങൾ പഠിച്ച് കൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആത്മാവും ബാബയിൽ നിന്ന് പഠിച്ച് കൊണ്ടിരിക്കുന്നു. മുമ്പ് നിങ്ങൾ അവിടേയും ഇവിടേയുമെല്ലാം തലക്കടിച്ച് കൊണ്ടിരുന്നിരുന്നു. ഇപ്പോൾ ജ്ഞാനമുണ്ട്, ഓരോരുത്തരുടെ 84ജന്മത്തിന്റെ ജീവചരിത്രവും നിങ്ങൾക്കറിയാം. ഓരോരുത്തരും അവരവരുടെ പാർട്ടഭിയിക്കുന്നു. ബാബ പറയുന്നു കുട്ടികളേ സദാ ഹർഷിതരായിരിക്കൂ. ഇവിടെയുള്ള ഹർഷിത സംസ്ക്കാരമാണ് പിന്നീട് കൂടെ കൊണ്ട് പോകുന്നത്. ഞങ്ങൾ എന്തായി കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. പരിധിയില്ലാത്ത അച്ഛൻ നമ്മുക്ക് ഈ സമ്പത്ത് നൽകി കൊണ്ടിരിക്കുന്നു മറ്റാർക്കും നൽകാൻ സാധിക്കില്ല. ഈ ലക്ഷ്മീ നാരായണൻ എവിടെ പോയി എന്ന് അറിയാവുന്ന ഒരാൾ പോലും ഉണ്ടാകില്ല. എവിടെ നിന്ന് വന്നോ അവിടേക്ക് തന്നെ പോയി എന്ന് മനസിലാക്കി തരുന്നു. ഇപ്പോൾ ബാബ പറയുന്നു ബുദ്ധി ഉപയോഗിച്ച് ചെക്ക് ചെയ്യൂ ഭക്തിമാർഗത്തിൽ നിങ്ങൾ വേദ ശാസ്ത്രങ്ങൾ പഠിച്ചിരുന്നു, ഇപ്പോൾ ഞാൻ നിങ്ങൾക്ക് ജ്ഞാനം കേൾപ്പിക്കുന്നു. നിങ്ങൾ ചെക്ക് ചെയ്യൂ – ഭക്തിയാണോ ശരി അതോ നമ്മളാണോ ശരി എന്ന്. ബാബ, രാമൻ ആണ് സത്യം, രാവണൻ അസത്യമാണ് ഓരോ കാര്യത്തിനും അസത്യം പറയുന്നു. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങൾക്കാണ് പറയുന്നത്. മുമ്പ് ഞങ്ങളെല്ലാം അസത്യം പറഞ്ഞിരുന്നു എന്ന് നിങ്ങൾക്കറിയാം. ദാന പുണ്യങ്ങളെല്ലാം ചെയ്തിട്ടും പടി ഇറങ്ങി തന്നെ വന്നു. നിങ്ങൾ ആത്മാക്കൾക്കാണ് ജ്ഞാനം നൽകുന്നത്. പാപാത്മാക്കൾ പാപാത്മാക്കൾക്ക് നൽകുമ്പോൾ എങ്ങിനെയാണ് പുണ്യാത്മാവാകുക. അവിടെ ആത്മാക്കളുടെ കൊടുക്കൽ വാങ്ങൽ നടക്കുന്നില്ല. ഇവിടെ ലക്ഷം രൂപയുടെ ചിലവ് ചെയ്ത് കൊണ്ടിരിക്കുന്നു. ഈ രാവണ രാജ്യത്ത് ഓരോ ചുവടിലും മനുഷ്യർക്ക് ദു:ഖമാണ്. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. നിങ്ങളുടെ ഓരോ ചുവടിലും ഭാഗ്യമാണ്. ദേവതമാർ എങ്ങിനേയാണ് പദമാപദം ഭാഗ്യശാലിയായത് ?ഇതാർക്കും അറിയില്ല. സ്വർഗം തീർച്ചയായും ഉണ്ടാകും. അടയാളമുണ്ട്. എന്നാൽ അടുത്ത ജന്മം ഏത് രാജ്യം ലഭിക്കും ?എന്ത് കർമ്മം ചെയ്യും എന്നൊന്നും അറിയില്ല. അത് പുതിയ സൃഷ്ടിയാണ്. അനാവശ്യ ചിന്തകൾ ഉണ്ടാകുന്നേ ഇല്ല. അതിനെ സുഖധാമം എന്നാണ് പറയുന്നത്. 5000 വർഷത്തെ കാര്യമാണ്. നിങ്ങൾ സുഖത്തിന് വേണ്ടി പാവനമാകുന്നതിന് വേണ്ടി പഠിക്കുന്നു. ധാരാളം യുക്തികൾ നൽകുന്നു. ബാബ എത്ര നന്നായി മനസിലാക്കി തരുന്നു, ശാന്തീധാം ആത്മാക്കൾക്ക് വസിക്കുന്നതിനുള്ള സ്ഥാനമാണ്, അതിനെ സ്വീറ്റ് ഹോം എന്ന് പറയുന്നു. വിദേശത്ത് നിന്ന് വരുമ്പോൾ ഞാൻ എന്റെ സ്വീറ്റ്ഹോമിലെത്തി വിചാരിക്കുന്നത് പോലെ. നിങ്ങളുടെ സ്വീറ്റ് ഹോമാണ് ശാന്തീധാമാണ്. ബാബയും ശാന്തിയുടെ സാഗരനല്ലേ, ബാബയുടെ പാർട്ട് അന്തിമത്തിലാണ്, അതിനാൽ എത്ര സമയം ശാന്തിയിൽ ഇരിക്കുന്നു. ബാബയ്ക്ക് വളരെ കുറച്ച് പാർട്ടാണ് എന്ന് പറയാറുണ്ട്. ഈ ഡ്രാമയിൽ നിങ്ങൾക്കാണ് ഹീറോ ഹീറോയിന്റെ പാർട്ട്.നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ഈ ലഹരി ഒരിക്കലും മറ്റാർക്കും ഉണ്ടാകുന്നില്ല. മറ്റാരുടെ ഭാഗ്യത്തിലും സ്വർഗത്തിന്റെ സുഖം തന്നെയില്ല. ഇത് നിങ്ങൾ കുട്ടികൾക്ക് തന്നേയാണ് ലഭിക്കുന്നത്.ഏത് കുട്ടികളാണോ ബാബാ ഞങ്ങൾ അങ്ങയോട് തന്നെ പറയും, അങ്ങയോട് തന്നെ സംസാരിക്കും..........എന്ന് പറയുന്നത് ബാബയും പറയുന്നു എനിക്ക് നിങ്ങൾ കുട്ടികളെ കണ്ട് വളരെ സന്തോഷമുണ്ടാവുന്നു. ഞാൻ 5000 വർഷത്തിന് ശേഷം വരുന്നു, കുട്ടികളെ ദു:ഖധാമിൽ നിന്ന് സുഖധാമിൽ കൊണ്ട് പോകുന്നതിന് വേണ്ടി കാരണം കാമചിതയിൽ ഇരുന്നിരുന്ന് കത്തി ഭസ്മമായി തീർന്നിരിക്കുന്നു. ഇപ്പോൾ അവരെ ശ്മശാനത്തിൽ നിന്ന് പുറത്ത് കൊണ്ട് വരണം. ആത്മാക്കളെല്ലാം ഹാജറല്ലേ. അവരെ പവിത്രമാക്കണം. ബാബ പറയുന്നു – കുട്ടികളെ, ബുദ്ധികൊണ്ട് ഒരു സദ്ഗുരുവിനെ ഓർമ്മിക്കൂ മറ്റെല്ലാം മറക്കൂ. ഒരേയൊരു ബാബയുമായി ബന്ധുത്വം വെക്കണം. അങ്ങ് വരികയാണെങ്കിൽ അങ്ങല്ലാതെ മറ്റാരുമുണ്ടാകില്ല എന്ന് നിങ്ങൾ പറയുകയും ചെയ്തിരുന്നു. അങ്ങയുടെ മതമനുസരിച്ച് തന്നെ നടക്കും. ശ്രേഷ്ഠരാകും. ഉയർന്നതിലും ഉയർന്നത് ഭഗവാൻ തന്നേയാണ് എന്ന് പാടാറുമുണ്ട്. ആ ഭഗവാന്റെ മതവും ഉയർന്നതിലും ഉയർന്നതാണ്. ബാബ സ്വയം പറയുന്നു നിങ്ങൾക്കിപ്പോൾ നൽകുന്ന ഈ ജ്ഞാനം പിന്നീട് മറക്കും. ഭക്തിമാർഗത്തിലെ ശാസ്ത്രങ്ങൾ പരമ്പരയായി ഉണ്ടാകുന്നു. രാവണനും വരുന്നു എന്ന് പറയാറുണ്ട്.

രാവണനെ എന്തിന് കത്തിക്കുന്നു ? എപ്പോൾ മുതൽ കത്തിക്കുന്നു എന്ന് നിങ്ങൾ ചോദിക്കൂ. ഒന്നും അറിയില്ല. അർത്ഥമറിയാത്തത് കാരണം എത്ര ഷോ കാണിക്കുന്നു. ധാരാളം സന്ദർശകരേയും മറ്റും വിളിക്കുന്നു. രാവണനെ കത്തിക്കുന്നത് ആഘോഷമാക്കുന്നു. രാവണനെ എപ്പോൾ മുതൽ ഉണ്ടാക്കി വരുന്നു എന്ന് അറിയുന്നില്ല. ദിനം പ്രതി വലുത് വലുത് ഉണ്ടാക്കി വരുന്നു, ഇത് പരമ്പരയായി നടന്ന് വരുന്നതാണ് എന്ന് പറയുന്നു. എന്നാൽ ഇങ്ങിനെ ഉണ്ടാകില്ല. അവസാനം രാവണനെ ഏത് വരെ കത്തിച്ച് കൊണ്ടിരിക്കും?ബാക്കി അൽപ്പം സമയമേയുള്ളൂ പിന്നീട് ഇവരുടെ രാജ്യമേ ഉണ്ടാകില്ല എന്ന് നിങ്ങൾക്കറിയാം. ബാബ പറയുന്നു ഈ രാവണൻ ഏറ്റവും വലിയ ശത്രുവാണ്, ഇതിനെ ജയിക്കണം. ആളുകളുടെ ബുദ്ധിയിൽ ധാരാളം കാര്യങ്ങളുണ്ട്. ഈ ഡ്രാമയിൽ ഓരോ സെക്കന്റിലും എന്തെല്ലാം സംഭവിക്കുന്നുവോ അവയെല്ലാം ബന്ധിതമാണ് എന്ന് നിങ്ങൾക്കറിയാം. ആഴ്ചയും, തിയ്യതിയും എന്നീ എല്ലാ കണക്കുകളും നിങ്ങൾക്കറിയാം – എത്ര മണിക്കൂർ, എത്ര വർഷം, എത്ര മാസം, ഞങ്ങളുടെ പാർട്ട് നടക്കുന്നു. ഈ ജ്ഞാനം മുഴുവൻ ബുദ്ധിയിൽ ഉണ്ടാകണം. ബാബ നമ്മുക്കിത് മനസിലാക്കി തരുന്നു. ബാബ പറയുന്നു ഞാൻ പതിത പവനനാണ്. നിങ്ങൾ എന്നെ വന്ന് പാവനമാക്കൂ എന്ന് വിളിക്കുന്നു. ശാന്തീധാമും, സുഖധാമും പവിത്ര ലോകമാണ്. ഇപ്പോൾ എല്ലാം പതിതമാണ്. എപ്പോഴും ബാബാ ബാബാ എന്ന് വിളിച്ച് കൊണ്ടിരിക്കൂ. ഇത് മറക്കരുത്, എങ്കിൽ എപ്പോഴും ബാബയുടെ ശിവബാബയുടെ ഓർമ്മയുണ്ടാകും. ഇത് നമ്മുടെ ബാബയാണ്. മുഖ്യമായ കാര്യം ഇത് പരിധിയില്ലാത്ത ബാബയാണ് എന്നതാണ്. ബാബാ എന്ന് പറയുന്നതിലൂടെ തന്നെ സമ്പത്തിന്റെ സന്തോഷം വരുന്നു. വെറുതെ ഭഗവാൻ അല്ലെങ്കിൽ ഈശ്വരൻ എന്ന് പറയുന്നതിലൂടെ ഒരിക്കലും ഇങ്ങിനെയുള്ള വിചാരം വരില്ല. എല്ലാവരോടും പറയൂ പരിധിയില്ലാത്ത അച്ഛൻ ബ്രഹ്മാവിലൂടെ മനസിലാക്കി തരുന്നു. ഇത് ബാബയുടെ രഥമാണ്. ഇദ്ദേഹത്തിലൂടെ ഞാൻ നിങ്ങൾ കുട്ടികളെ ഇങ്ങിനെയാക്കും എന്ന് പറയുന്നു. ബാഡ്ജിൽ മുഴുവൻ ജ്ഞാനവും നിറഞ്ഞിരിക്കുന്നുണ്ട്. അന്തിമത്തിൽ ശാന്തീധാമം, സുഖധാമം എന്ന ഓർമ്മയുണ്ടാകും. ദു:ഖധാമിനെ മറക്കും. പിന്നീട് നമ്പർ ക്രമത്തിൽ അവരവരുടെ സമയത്ത് വരും. ഇസ്ലാം മതസ്ഥരും, ബുദ്ധരും, ക്രിസ്തുമതക്കാരും തുടങ്ങി എത്ര കൂട്ടമാണ്. അനേക ഭാഷകളുണ്ട്. ആദ്യം ഒരു ധർമ്മം മാത്രം പിന്നീട് അതിൽ നിന്ന് എത്ര വരുന്നു. എത്ര യുദ്ധങ്ങളും മറ്റും ഉണ്ടാകുന്നു. എല്ലാവരും യുദ്ധം ചെയ്യുന്നു കാരണം നിർധനരായില്ലേ. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് ഏത് രാജ്യം നൽകുന്നുവോ അത് ഒരിക്കലും നിങ്ങളിൽ നിന്ന് ആർക്കും തട്ടിയെടുക്കുക സാധ്യമല്ല. ബാബ സ്വർഗത്തിന്റെ സമ്പത്ത് നൽകുന്നു, അത് ആർക്കും തട്ടിയെടുക്കുക സാധ്യമല്ല. ഇതിൽ അഖണ്ഡമായി, ദൃഢമായി നിശ്ചലരായി നിൽക്കണം. മായയുടെ കൊടുങ്കാറ്റ് തീർച്ചയായും വരും. ഏറ്റവും മുന്നിൽ നിൽക്കുന്നവർ എല്ലാം അനുഭവിക്കും. അസുഖങ്ങളും മറ്റും എന്നന്നേക്കുമായി അവസാനിക്കണം, അതിനാൽ കർമ്മ കണക്കുകൾ, അസുഖങ്ങൾ എന്നിവ കൂടുതൽ വരികയാണെങ്കിൽ ഭയപ്പെടരുത്. ഇവയെല്ലാം അന്തിമത്തിലാണ്, പിന്നീട് ഉണ്ടാകുന്നില്ല. ഇപ്പോൾ എല്ലാവരും വിഷമം അനുഭവിക്കും. വൃദ്ധരേ പോലും മായ യുവാക്കളാക്കുന്നു. മനുഷ്യർ വാനപ്രസ്ഥം അനുഭവിക്കുമ്പോൾ അവിടെ സ്ത്രീകൾ ഉണ്ടാകുന്നില്ല. സന്യാസിമാരും കാട്ടിൽ പോകുന്നു. അവിടേയും സ്ത്രീകൾ ഉണ്ടാകുന്നില്ല. ആരുടെ നേരയും നോക്കുക പോലുമില്ല. ഭിക്ഷ വാങ്ങും പോകും. മുമ്പൊന്നും സ്ത്രീകളുടെ നേരെ നോക്കുക പോലും ചെയ്തിരുന്നില്ല. ബുദ്ധിയും തീർച്ചയായും അവരുടെ നേരെ പോകും എന്ന് വിചാരിക്കുന്നു. സഹോദരീ സഹോദരന്റെ നേരേയും ബുദ്ധി തിരിയും അതിനാൽ ബാബ പറയുന്നു സഹോദരൻ എന്ന് മനസിലാക്കൂ. ശരീരത്തിന്റെ പേരു പോലുമില്ല. ഇത് വളരെ ഉയർന്ന ലക്ഷ്യസ്ഥാനമാണ്. പരിപൂർണമായും കൊടുമുടി കയറണം. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ഇതിന് വളരെ പരിശ്രമം ആവശ്യമാണ്. ഞങ്ങൾ ലക്ഷ്മീ നാരായണന്മാരാകുന്നു എന്ന് പറയുന്നു. ബാബ പറയുന്നു ആകൂ. ശ്രീമതമനുസരിച്ച് നടക്കൂ. മായയുടെ കൊടുങ്കാറ്റ് വരുന്നു കർമ്മേന്ദ്രിയങ്ങൾ കൊണ്ട് ഒന്നും തന്നെ ചെയ്യേണ്ടതില്ല. ( നാശങ്ങളെല്ലാം അങ്ങനെ ഉണ്ടായി കൊണ്ടിരിക്കും. ജ്ഞാനത്തിൽ വന്നത് കൊണ്ട് പാപ്പരായി എന്നല്ല.) ഇത് ഉണ്ടായി കൊണ്ടിരിക്കുന്നു. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു നിങ്ങളെ പതിതത്തിൽ നിന്ന് പാവനമാക്കുന്നതിന്. വളരെ നന്നായി സേവനം ചെയ്തു, മറ്റുള്ളവർക്ക് മനസിലാക്കി കൊടുത്തു, പിന്നീട് ബാബയെ വിട്ട് പോയി.... മായ വളരെ സമർത്ഥയാണ്. വളരെ നല്ലവർ പോലും വീണ് പോകുന്നു. ബാബയിരുന്ന് മനസിലാക്കി തരുന്നു, എന്റെ സേവനം ചെയ്യുന്ന കുട്ടികൾ തന്നെയാണ് എനിക്ക് പ്രിയപ്പെട്ടവർ. വളരെ പേരെ സുഖദായികളാക്കുന്ന കുട്ടികളെ ഓർമ്മിച്ച് കൊണ്ടിരിക്കുന്നു. ശരി !

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ആരുടേയും നാമ രൂപങ്ങളിൽ പെട്ട് കുലകളങ്കിതരാകരുത്. മായയുടെ ചതിയിൽ പെട്ട് പരസ്പരം ദു:ഖം നൽകരുത്. ബാബയിൽ നിന്ന് സമ്പന്നതയുടെ സമ്പത്ത് എടുത്ത് കൊണ്ടിരിക്കണം.

2) സദാ ഹർഷിതമായിരിക്കുന്നതിന്റെ സംസ്ക്കാരം ഇവിടെ നിന്ന് തന്നെ നിറക്കണം. ഇപ്പോൾ പാപാത്മാക്കളിൽ നിന്ന് യാതൊരു കൊടുക്കൽ വാങ്ങലും നടത്തരുത്. അസുഖങ്ങൾ എന്നിവയിൽ ഭയക്കരുത്, ഈ കണക്കുകൾ ഇപ്പോൾ തന്നെ തീർക്കണം.

## വരദാനം:- വിൽപവറിലൂടെ സെക്കന്റിൽ വ്യർത്ഥത്തിന് ഫുൾസ്റ്റോപ്പിടുന്ന അശരീരിയായി ഭവിക്കൂ

സെക്കന്റിൽ അശരീരിയാകുന്നതിന്റെ അടിത്തറ - ഈ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയാണ്. ഈ വൈരാഗ്യം ഇങ്ങനെയുള്ള യോഗ്യമായ ഭൂമിയാണ് അതിൽ എന്ത് വിതച്ചാലും അതിന്റെ ഫലം പെട്ടന്ന് തന്നെ ലഭിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ഇങ്ങനെയുള്ള വിൽ പവറുണ്ട് എന്ത് സങ്കൽപിച്ചോ - വ്യർത്ഥം സമാപ്തം, അപ്പോൾ സെക്കന്റിൽ സമാപ്തമാകും. എപ്പോൾ ആഗ്രഹിക്കുന്നോ, എവിടെ ആഗ്രഹിക്കുന്നോ, ഏത് സ്ഥിതിയിൽ ആഗ്രഹിക്കുന്നോ സെറ്റ് ചെയ്യൂ, സേവനം ആകർഷിക്കരുത്. സെക്കന്റിൽ ഫുൾ സ്റ്റോപ്പ് വരണം അപ്പോൾ സഹജമായും അശരീരിയാകും.

## സ്ലോഗൻ:- ബാബയ്ക്ക് സമാനമാകണമെങ്കിൽ തകർന്നത് നിർമ്മിക്കുന്നവരാകൂ.